ഗാന്ധിജിയെക്കുറിച്ചുള്ള വിവാദപുസ്തകം ബഹിഷ്കരിക്കണം – പി. പരമേശ്വരൻ

തിരുവനന്തപുരം: ജോസഫ് ലെല്ലിവെൽഡിന്റെ ഗാന്ധിജിയെ വികലമായി ചിത്രീകരിക്കുന്ന "Great Soul: Mahatma Gandhi and his struggle with India" എന്ന ജീവചരിത്രം ബഹിഷ്കരിക്കാൻ ജനങ്ങൾ തയ്യാറാകണമെന്ന് ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ അഭിപ്രായപ്പെട്ടു. കാരണം അത് സത്യമല്ലെന്നുമാത്രമല്ല, ആപത്കരം കൂടിയാണ്. ഗാന്ധിജിയുടെ ജീവിതം നീണ്ട സത്യാന്വേഷണമായിരുന്നു. തന്റെ എല്ലാ ദൗർബല്യങ്ങളും ഗാന്ധിജി തന്റെ ആത്മകഥയിൽ മറകൂടാതെ അക്കമിട്ട് നിരത്തിയിട്ടുണ്ട്. വിവാദപുസ്തകത്തിൽ പറഞ്ഞ കാര്യങ്ങളിൽ നേരിന്റെ അംശമെങ്കിലുമുണ്ടെങ്കിൽ അത് തുറന്നുപറയാനുള്ള ധൈര്യവും ആർജവവും ഗാന്ധിജിക്കുണ്ടായിരുന്നു. അതുകൊണ്ടു തന്നെ പുസ്തകത്തിലെ ലൈംഗിക പരാമർശങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് ഉറപ്പാണ്.

സത്യവും അഹിംസയും ആയിരുന്നു ഗാന്ധിജിയുടെ രണ്ടായുധങ്ങൾ.

കസ്റ്റഡിമരണം: ഐപിഎസ് ഉദ്യോഗസ്ഥർക്ക് എതിരെ അറസ്റ്റ്വാറണ്ട് ഇല്ല

പ്രത്യേക പ്രതിനിധി

കൊച്ചി: പുത്തൂർ ഷീല വധക്കേസിലെ പ്രതി സമ്പത്തിന്റെ കസ്റ്റഡിമരണം സംബന്ധിച്ച് രണ്ട് ഐപിഎസ് ഉദ്യോഗസ്ഥർക്ക് എതിരെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടില്ല.

അഡീഷണൽ ഡിജിപി മുഹമ്മദ്യാസിൻ, ഡിഐജി വിജയ് സഖാറെ എന്നിവർക്ക് സമ്പത്തിന്റെ മരണത്തിൽ പങ്കുള്ളതായി ചൂണ്ടിക്കാട്ടി രണ്ട് മാസം മുമ്പ് കോടതിയിൽ കേസ് അന്വേഷിക്കുന്ന സിബിഐ സംഘം റിപ്പോർട്ട് നൽകിയിരുന്നു. അതോടെ അന്വേഷണ സംഘവും സിബിഐയിലെ ഉന്നത ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടു.

മുഹമ്മദ് യാസിനെയും വിജയ് സഖാറെയും കൊലക്കേസ് പ്രതികളാക്കി അറസ്റ്റ് ചെയ്യാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സിബിഐ അന്വേഷണ ഉദ്യോഗസ്ഥർ പിന്നീട് അപേക്ഷ നൽകിയെങ്കിലും അറസ്റ്റ് വാറണ്ട് ഇതുവരെ മജിസ്ട്രേറ്റ് പുറപ്പെടുവിച്ചിട്ടില്ല.

സിബിഐയുടെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടാണ് അന്വേഷണസംഘം മുന്നോട്ടുനീങ്ങുന്നതെന്ന് ഉന്നത ഉദ്യോഗസ്ഥർ ആരോപിക്കുന്നതിനാൽ അന്വേഷണ സംഘത്തെ സിബിഐ ഡയറക്ടർ ഡൽഹിക്ക് വിളിപ്പിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ വെള്ളിയാഴ്ചത്തെ ഉത്തരവ് പ്രകാരം അന്വേഷണ മേൽനോട്ടം ഇനി സിബിഐയുടെ ഡൽഹിയിലുള്ള ജോയിൻറ് ഡയറക്ടർക്കാണ്.

തെളിവുകൾ ഉന്നതർ പുനഃപരിശോധിക്കും

അന്വേഷണത്തിൽ മേൽഉദ്യോഗസ്ഥർ ഇടപെടുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥർ ആരോപിച്ചതിനെ തുടർന്ന് ഇക്കഴിഞ്ഞ ഡിസംബർ 22ന് ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ടായിരുന്നു. മേൽഉദ്യോഗസ്ഥരുടെ നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ അന്വേഷണസംഘത്തിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ ഹൈക്കോടതി അനുമതി നൽകിയിരുന്നു. എന്നാൽ സിബിഐയുടെ ഹർജിയെ തുടർന്ന് ഹൈക്കോടതി വിധി സുപ്രീംകോടതി ഇക്കഴിഞ്ഞ ഫിബ്രവരിയിൽ തടഞ്ഞു. സിബിഐ ചട്ടങ്ങൾ അനുസരിച്ച് അന്വേഷണം നടത്താൻ നിർദേശിച്ചു. ഹർജി സുപ്രീംകോടതി വെള്ളിയാഴ്ച വീണ്ടും പരിഗണിച്ചാണ് മേൽനോട്ടത്തിന് സിബിഐ ജോയിൻറ് ഡയറക്ടറെ ചുമതലപ്പെടുത്താൻ ഡയറക്ടർക്ക് ഉത്തരവ് നൽകിയത്. അതനുസരിച്ച് ജോയിൻറ് ഡയറക്ടർ സതീഷ് ഗോൽച നിയോഗിക്കപ്പെട്ടു.

സമ്പത്തിന്റെ കസ്റ്റഡിമരണം സംബന്ധിച്ച് സിബിഐ സംഘം ഇതുവരെ നടത്തിയിട്ടുള്ള അന്വേഷണവും ശേഖരിച്ച എല്ലാ തെളിവുകളും സതീഷ് ഗോൽച പുനഃപരിശോധിക്കും. സിബിഐ ഡയറക്ടറുമായി കൂടിയാലോചന നടത്തിയ ശേഷം അദ്ദേഹം തുടർന്നുള്ള അന്വേഷണത്തിന് അന്തിമതീരുമാനം എടുക്കുമെന്ന് സിബിഐ വൃത്തങ്ങൾ സ്ഥിരീകരിച്ചു. കേസ് ഡയറക്ടറിയും സാക്ഷിമൊഴിയും നേരത്തെ പോലീസ് നടത്തിയ അന്വേഷണവും പരിശോധിച്ചുകൊണ്ടായിരിക്കും ജോയിൻറ് ഡയറക്ടറുടെ തീരുമാനം. സുപ്രീംകോടതിയുടെ ഉത്തരവുള്ളതിനാൽ പരിശോധന കർശനമായിരിക്കും. കാരണം കോടതി ആവശ്യപ്പെട്ടാൽ റിപ്പോർട്ട് നൽകേണ്ടിവരും.

ഫിബ്രവരിയിലെ സുപ്രീം കോടതി ഉത്തരവ് ധിക്കരിച്ചുകൊണ്ടാണ് ഡിവൈഎസ്പി ഹരിദത്ത് അന്വേഷണം നടത്തുന്നതെന്നും സിബിഐ ചട്ടങ്ങൾക്ക് അത് വിരുദ്ധമാണെന്നും മേൽ ഉദ്യോഗസ്ഥർ വെള്ളിയാഴ്ച സുപ്രീംകോടതിയെ അറിയിച്ചിരുന്നു. നാല് പേരെ കഴിഞ്ഞ മാസം 24ന് അറസ്റ്റ് ചെയ്തതുപോലും ചട്ടങ്ങൾ ലംഘിച്ചായിരുന്നു. അതിനാൽ ഹരിദത്തിന്റെ അന്വേഷണം സിബിഐ ചട്ടം അനുസരിച്ചുള്ള അന്വേഷണമല്ലെന്നുള്ളതാണ് മേൽഉദ്യോഗസ്ഥന്റെ ആരോപണം. ഇത് പ്രശ്നങ്ങൾ സങ്കീർണമാക്കുന്നു. സിബിഐയിലെ ചേരിപ്പോരിന് വിരാമമിടാൻ ഇനി ജോയിൻറ് ഡയറക്ടർ ശക്തമായി ഇടപെടണം.

എറണാകുളം ചീഫ്ജുഡീഷ്യൽ മജിസ്ട്രേറ്റിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ അന്വേഷണ ഉദ്യോസ്ഥൻ ഫയൽ ചെയ്തിട്ടുണ്ടെന്നും മേൽഉദ്യോഗസ്ഥർ ആരോപിക്കുന്നു.

രണ്ട് ഐപിഎസ് ഉദ്യോഗസ്ഥരെ പ്രതികളാക്കാനുള്ള തെളിവ് അന്വേഷണ ഉദ്യോഗസ്ഥർ നേരത്തെ നൽകിയിരുന്നുവെങ്കിലും മേൽഉദ്യോഗസ്ഥർക്ക് അത് ബോധ്യപ്പെട്ടിരുന്നില്ല. ഇതെ തുടർന്നാണ് ഇരുവർക്കുംഎതിരെ രണ്ട് മാസം മുമ്പ് മജിസ്ട്രേറ്റ് കോടതിയിൽ മേൽ ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ റിപ്പോർട്ട് നൽകിയത്.

2ജി: രാജ വൻഗൂഢാലോചന നടത്തി -സി.ബി.ഐ.

ന്യൂഡൽഹി: 2ജി സെപക്ട്രം വഴിവിട്ട രീതിയിൽ അനുവദിക്കാനായി മുൻ ടെലികോം മന്ത്രി എ. രാജയുടെ നേതൃത്വത്തിൽ വൻ ഗൂഢാലോചന നടന്നതായി സി.ബി.ഐ. ശനിയാഴ്ച കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

ഉന്നതോദ്യോഗസ്ഥരും റിട്ട. ഐ.എ.എസ്സുകാരും വമ്പൻ വ്യവസായികളും ഗൂഢാലോചനയിൽ പങ്കാളികളായതായി തെളിവുണ്ട്. ലൈസൻസിന് അപേക്ഷിക്കാനുള്ള സമയപരിധി ആരുമറിയാതെ വെട്ടിച്ചുരുക്കി, ഈ വിവരം രഹസ്യമായി തല്പര കക്ഷികളെ മാത്രം അറിയിച്ചു, അർഹതയില്ലാഞ്ഞിട്ടും അവർക്ക് ലൈസൻസ് കനിഞ്ഞനുവദിച്ചു എന്നീ ആരോപണങ്ങളും രാജയ്ക്കെതിരെ കുറ്റപത്രത്തിലുണ്ട്.

അർഹതയില്ലാത്ത സ്വാൻ ടെലികോമിന് ലൈസൻസ് അനുവദിക്കാനായി രാജയുടെ പ്രൈവറ്റ് സെക്രട്ടറി ആർ.കെ. ചന്ദോലിയ ടെലികോം മന്ത്രാലയത്തിലെ ഉന്നതോദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയെന്നും സി.ബി.ഐ.പറയുന്നു.

രാജയുടെ ഉത്തരവു നടപ്പാക്കാൻ വേണ്ടിയാണ് ചന്ദോലിയ ഭീഷണി മുഴക്കിയത്. ലൈസൻസ് വഴിവിട്ട രീതിയിൽ അനുവദിക്കാൻ രാജയുടെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നെന്നതിന് വ്യക്തമായ തെളിവാണിതെന്ന് കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടി.

ഇവരാണ് രാജയ്ക്കു പുറമെ പ്രതിപ്പട്ടികയിലുള്ളവർ

- **ആർ.കെ. ചന്ദോലിയ:** യു.പി.എ. ഒന്നാം സർക്കാറിന്റെ കാലത്ത് എ.രാജയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. 2009ൽ യു.പി.എ. വീണ്ടും അധികാരത്തിൽ വന്നപ്പോൾ ടെലികോം മന്ത്രാലയത്തിന്റെ സാമ്പത്തികോപദേഷ്ടാവായി. 2ജി ലൈസൻസ് ലഭിച്ച കമ്പനികളുമായി ഇടപാടിൽ പ്രധാന പങ്കാളിത്തം വഹിച്ചുവെന്ന് സി.ബി.ഐ.
- **സിദ്ധാർഥ് ബെഹുറ:** 2008 ജനവരി ഒന്നു മുതൽ 2009 സപ്തംബർ 30 വരെ ടെലികോം സെക്രട്ടറിയായിരുന്നു. 2ജി ലൈസൻസ് വിൽപ്പനയ്ക്ക് ഔപചാരികാംഗീകാരം നൽകിക്കൊണ്ട് ഫയലുകളിൽ ഒപ്പിട്ടു.
- **ഷാഹിദ് ബൽവ:** മുംബൈയിലെ വൻകിട റിയൽ എസ്റ്റേറ്റ് സ്ഥാപനമായ ഡി.ബി. ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടർ. 2ജി സ്പെക്ട്രം ലൈസൻസ് സ്വന്തമാക്കിയ സ്വാൻ ടെലികോമിന്റെ പ്രൊമോട്ടർ. 37കാരനായ ബൽവയെ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ശതകോടീശ്വരനായാണു വിശേഷിപ്പിക്കുന്നത്. സ്പെക്ട്രം കേസിൽ കുരുങ്ങി ഇപ്പോൾ ജയിലിൽ.
- **വിനോദ് ഗോയങ്ക:** ഡി.ബി. റിയൽറ്റിയുടെ സഹസ്ഥാപകനും ഡയറക്ടറും. 100 കോടിയിലേറെ ആസ്തിയുള്ള വ്യവസായസംരംഭകൻ.
- **സഞ്ജയ് ചന്ദ്ര:** ഗുഡ്ഗാവിലെ റിയൽ എസ്റ്റേറ്റ് കമ്പനിയായ യൂണിടെക്കിന്റെയും യൂണിടെക് വയർലെസ്സ്(തമിഴ്നാട്) കമ്പനിയുടെയും മാനേജിങ് ഡയറക്ടർ.
- **ഗൗതം ദോഷി:** റിലയൻസ് ധീരുഭായ് അംബാനി ഗ്രൂപ്പിന്റെ(റിലയൻസ്–അഡാഗ്) കീഴിലുള്ള റിലയൻസ് ടെലികോമിന്റെ മാനേജിങ് ഡയറക്ടർ. മറ്റു ചില പ്രമുഖ കമ്പനികളുടെ ഡയറക്ടർ ബോർഡിലും പ്രവർത്തിച്ചിട്ടുണ്ട്.
- **ഹരിനായർ, സുരേന്ദ്ര പിപാര:** അഡാഗിനു കീഴിലുള്ള റിലയൻസ് ടെലികോമിന്റെ സീനിയർ വൈസ് പ്രസിഡൻറുമാർ. മലയാളിയാണ് ഹരിനായർ.

■ ഉത്തരവു നടപ്പാക്കാൻ ചന്ദോലിയയുടെ ഭീഷണിയും ■

ചന്ദോലിയ

സിദ്ധാർഥ് ബെഹുറ

ഷാഹിദ് ബൽവ

വിനോദ് ഗോയങ്ക

സഞ്ജയ് ചന്ദ്ര

ഗൗതം ദോഷി

കുറ്റപത്രത്തിലുൾപ്പെട്ട കമ്പനികൾ

- **യൂണിടെക് വയർലസ്:** സഞ്ജയ് ചന്ദ്രയുടെ യൂണിടെക് ഗ്രൂപ്പിനു കീഴിൽ വരുന്ന സ്ഥാപനം. നോർവേയിലെ ടെലിനോർ ഗ്രൂപ്പുമായി ചേർന്നാണ് യൂണിടെക് വയർലെസ്സ്(തമിഴ്നാട്) രൂപവത്കരിച്ചത്. 2ജി സ്പെക്ട്രം കുംഭകോണത്തിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയെന്ന് സി.ബി.ഐ.
- **സ്വാൻ ടെലികോം:** ഷാഹിദ് ബൽവയുടെ ഡി.ബി. റിയൽറ്റിയും യു.എ.ഇ.യിലെ എറ്റിസലാറ്റും ചേർന്ന് രൂപം കൊടുത്ത സ്ഥാപനം. ഇപ്പോൾ എറ്റിസലാറ്റ് ഡി.ബി. എന്ന പേരിൽ പ്രവർത്തിക്കുന്നു. അനിൽ അംബാനിയുടെ റിലയൻസ് ടെലികോമിന്റെ മുൻനിരക്കാരായാണ് സ്വാൻ പ്രവർത്തിച്ചതെന്ന് സി.ബി.ഐ.
- **റിലയൻസ് ടെലികോം:** റിലയൻസ് അഡാഗിന്റെ ടെലികോം കമ്പനി. മൂന്ന് ഉന്നതോദ്യോഗസ്ഥർ പ്രതിപ്പട്ടികയിലുൾപ്പെട്ടത് അനിൽഅംബാനി ഗ്രൂപ്പിന് കനത്ത തിരിച്ചടിയായി. സ്വാൻ ടെലികോമിൽ തങ്ങളുടെ ഓഹരിപങ്കാളിത്തം റിലയൻസ് മറച്ചുവെക്കുകയാണെന്ന് സി.ബി.ഐ.

പാഞ്ഞാളിൽ വീണ്ടുമൊരു മഹായജ്ഞം

ജി. വേണുഗോപാൽ

തൃശ്ശൂർ: അഗ്നി അഥവാ അതിരാത്രം എന്ന മഹായജ്ഞത്തിന് കേരള മണ്ണ് വീണ്ടും സാക്ഷിയാകുന്നു. 1975 ൽ ഹോമകുണ്ഡം ഒരുക്കിയ അതേ മണ്ണിൽ, ഷൊർണ്ണൂരിനടുത്തുള്ള പാഞ്ഞാൾ ഗ്രാമത്തിൽ. ഏപ്രിൽ നാലുമുതൽ പന്ത്രണ്ടു ദിവസമുള്ള ഈ മഹായജ്ഞത്തിന് സാക്ഷികളാകാൻ വൈദിക മണ്ഡലത്തിലുള്ളവരും അല്ലാത്തവരുമായ ആയിരങ്ങൾ പാഞ്ഞാളിലെത്തും.

1975 ഏപ്രിൽ 12 മുതൽ പന്ത്രണ്ടു ദിവസമാണ് ഇതിന് മുമ്പ് പാഞ്ഞാളിൽ അതിരാത്രം നടന്നത്. വിദേശസർവ്വകലാശാലകൾ അതിനു മുൻകൈ എടുത്തു. ഇന്ത്യയിലുള്ളവരും ഹോളണ്ട്, അമേരിക്ക, ഇംഗ്ലണ്ട്, ജപ്പാൻ, ആസ്ട്രേലിയ, കിഴക്കൻ ജർമ്മനി, ഫ്രാൻസ്, നേപ്പാൾ മുതലായ രാജ്യങ്ങളിൽ നിന്നുള്ള വരുമടക്കം 23 പണ്ഡിതന്മാരടങ്ങിയ കമ്മിറ്റി ഇതിനായി പ്രവർത്തിച്ചിരുന്നു. പിന്നീട്,1990 ൽ തൃശ്ശൂർ ജില്ലയിൽ മാളയ്ക്കടുത്തുള്ള കുണ്ടൂരിലും പാലക്കാട്ട്മൂലങ്കോട്ടും അതിരാത്രങ്ങൾ നടന്നിരുന്നു.

പണ്ട് കേരളത്തിൽ ഉണ്ടായിരുന്ന അറുപത്തിനാല് ബ്രാഹ്മണഗ്രാമങ്ങളിൽ പേരുകേട്ട ശുകപുരം ഗ്രാമത്തിലാണ് പാഞ്ഞാൾ ഉൾപ്പെടുന്നത്. യാഗഭൂമിയെന്നാണ് പാഞ്ഞാളിന്റെ വിശേഷണം. വിശ്വവേദസത്രത്തിനും പാഞ്ഞാൾ വേദിയായിട്ടുണ്ട്.

യാഗങ്ങൾക്കും യജ്ഞങ്ങൾക്കും ആവശ്യമായ ഉപകരണങ്ങളും പാത്രങ്ങളും മണ്ണുകൊണ്ടും മരംകൊണ്ടും നിർമ്മിക്കാൻ വൈദഗ്ധ്യമുള്ള ഒട്ടേറെ പേർ താമസിക്കുന്ന ഗ്രാമപരിസരം കൂടിയാണ് പാഞ്ഞാൾ. ചിരാതുകൾ, കുടുക്കകൾ, ഋഷഭശിരസ്സ്, ഇഡ, വൃക്ഷഭാജ്യഗ്രഹണി, ശുകപാത്രം, ദ്രോണകലശം, അരണി, ഋതുപാത്രം തുടങ്ങിയവ ഇതിലുൾപ്പെടും.

മുസ്‌ലി പവർ എക്സ്ട്രാ നിരോധിച്ചു

തിരുവനന്തപുരം: വെള്ളൂരിലെ കുന്നത്ത് ഫാർമസ്യൂട്ടിക്കൽസ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന മുസ്‌ലി പവർ എക്സ്ട്രാ എന്ന മരുന്നിന്റെ ഉത്പാദനവും വിപണനവും നിരോധിച്ച് സർക്കാർ ഉത്തരവിട്ടു.

എയർ ഇന്ത്യ വിമാനസമയത്തിൽ മാറ്റം

നെടുമ്പാശ്ശേരി: എയർ ഇന്ത്യ രണ്ട് വിമാനങ്ങളുടെ സമയം മാറ്റി. തിങ്കളാഴ്ച മുതൽ എയർ ഇന്ത്യയുടെ എ. ഐ. 933 കൊച്ചി–ഷാർജ വിമാനം രാത്രി 8.20നാണ് പുറപ്പെടുക. നിലവിൽ ഈ വിമാനം രാത്രി 12.05നാണ് പുറപ്പെടുന്നത്. എ. ഐ. 681 മുംബൈ–കൊച്ചി വിമാനം ഇനി മുതൽ വൈകീട്ട് 5.35 ന് അവിടെ നിന്ന് പുറപ്പെട്ട് 7.15ന് കൊച്ചിയിലെത്തും. നിലവിൽ ഈ വിമാനം രാവിലെ 5.35നാണ് അവിടെ നിന്ന് യാത്ര തിരിക്കുന്നത്.

സൗമ്യയുടെ കൊലപാതകം: ഗോവിന്ദച്ചാമിയുടെ ജാമ്യാപേക്ഷ തള്ളി

അയ്യന്തോൾ: തീവണ്ടിയാത്രയ്ക്കിടയിൽ യുവതി കൊല്ലപ്പെട്ട കേസിലെ പ്രതി ഗോവിന്ദച്ചാമിയുടെ ജാമ്യാപേക്ഷ തൃശ്ശൂർ ജില്ലാ സെഷൻസ് ജഡ്ജ് എം. പി. ഭദ്രൻ തള്ളി ഉത്തരവായി.

കഴിഞ്ഞ ഫിബ്രവരി 1നാണ് എറണാകുളം–ഷൊർണൂർ പാസഞ്ചർ തീവണ്ടി യാത്രയ്ക്കിടയിൽ സൗമ്യ കൊല്ലപ്പെട്ടത്. ലേഡീസ് കമ്പാർട്ട്മെൻറിൽ തനിച്ചായിരുന്ന യുവതിയെ ആക്രമിച്ച് തീവണ്ടിയിൽനിന്ന് തള്ളി താഴെയിട്ട് കല്ലുകൊണ്ട് തലയ്ക്കടിച്ച് ബോധം കെടുത്തി, ബലാൽസംഗത്തിനിരയായി, പരിക്കിന്റെ കാഠിന്യത്താൽ കൊല്ലപ്പെട്ടു എന്നാരോപിച്ചാണ് ചെറുതുരുത്തി പോലീസ് കേസ് ചുമത്തിയത്.

കേസിന്റെ അന്വേഷണോദ്യോഗസ്ഥനായ നാർക്കോട്ടിക്സ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് വി.രാധാകൃഷ്ണൻ നായരാണ് ഡി.എൻ.എ. ടെസ്റ്റ് റിപ്പോർട്ട്, മറ്റ് ശാസ്ത്രീയ തെളിവുകൾ എന്നിവ കോടതിമുമ്പാകെ ഹാജരാക്കിയത്.

പ്രതി ഗോവിന്ദച്ചാമി കഠിനഹൃദയനും ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിലായി പത്തോളം പിടിച്ചുപറി, കളവു കേസുകളിലും തീവണ്ടിയിൽ സ്ത്രീകളെ ഉപദ്രവിച്ച കേസുകളിലും ശിക്ഷിക്കപ്പെട്ടയാളാണെന്നും അതിദാരുണവും ക്രൂരവുമായാണ് കൊല നടത്തിയതെന്നും ചൂണ്ടിക്കാട്ടിയാണ് ജാമ്യാപേക്ഷയെ എതിർത്തത്.

പ്രോസിക്യൂഷനുവേണ്ടി ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ കെ.ഡി. ബാബു ഹാജരായി.

തങ്കിപ്പള്ളി വീണ്ടും മതമൈത്രിയുടെ വേദിയായി

ചേർത്തല: മതമൈത്രിയുടെ മഹാസന്ദേശത്തിന് തങ്കിസെൻറ് മേരീസ് ഫൊറോനാ പള്ളി വീണ്ടും സാക്ഷ്യംവഹിച്ചു. ഏപ്രിൽ 17 മുതൽ ആരംഭിക്കുന്ന വിശുദ്ധവാരാചരണ തീർഥാടനത്തിനുള്ള പന്തലുകളുടെ കാൽനാട്ടുകർമം ചാരമംഗലം വിശ്വഗാജിമാധിപതി സ്വാമി അസ്സർശാനന്ദ നിർവഹിച്ചു. ഇതിനുമുമ്പും പലവട്ടം ഇവിടെ മതമൈത്രിയുടെ വേദിയായിട്ടുണ്ട്.

രാവിലെ പള്ളിയങ്കണത്തിൽ നടന്ന ചടങ്ങിൽ വികാരി ഫാ. സേവ്യർ ചിറമേൽ അധ്യക്ഷത വഹിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കെ.എ. ജോസ് ബാബു, കണ്ടമംഗലം ദേവസ്വം പ്രസിഡൻറ് പുരുഷൻ മാന്തറ, കെ. ജെ. ജോസഫ്, പി.എ. ഫ്രാൻസിസ്, മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

ഇൻഷുറൻസ്: ചികിത്സ നിഷേധിക്കുന്ന ആസ്പത്രികൾക്കെതിരെ നടപടി വരും

തിരുവനന്തപുരം: സ്മാർട്ട് കാർഡ് പുതുക്കാത്തവർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം നൽകേണ്ട ചികിത്സ നിഷേധിക്കുന്ന ആസ്പത്രികൾക്കെതിരെ നടപടി വരും. കഴിഞ്ഞ വർഷം പദ്ധതിയിൽ ചേർന്ന പതിനെട്ട് ലക്ഷത്തോളം കുടുംബങ്ങളുടെ സ്മാർട്ട് കാർഡിന്റെ കാലാവധി മാർച്ച് 31 ന് അവസാനിച്ചിരുന്നു. ഇത്തരം കാർഡുമായി എത്തുന്നവർക്ക് സൗജന്യ ചികിത്സ നൽകാനാവില്ലെന്ന് ചില ആസ്പത്രികൾ നിലപാട് സ്വീകരിച്ചതോടെയാണ് ആസ്പത്രികൾക്കെതിരെ നടപടിക്ക് പദ്ധതി നടത്തിപ്പുകാരായ ചിയാക് ആലോചിക്കുന്നത്.

ഏപ്രിൽ 15 വരെ കാർഡിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ കാലാവധി നീട്ടിയ വിവരം തങ്ങളെ യഥാസമയം അറിയിച്ചിട്ടില്ലെന്നാണ് ആസ്പത്രി അധികൃതർ പറയുന്നത്. ഇക്കാര്യം ചിയാക് അധികൃതർ നിഷേധിച്ചിട്ടുണ്ട്.

സോഫ്റ്റ് വേർ സജ്ജമാകാൻ വൈകുന്നതാണ് കാർഡ് പുതുക്കൽ നടപടിയും വൈകിക്കുന്നത്. ആവശ്യമായ മാറ്റങ്ങൾ വരുത്തി കാർഡ് പുതുക്കാനുള്ള സോഫ്റ്റ് വേർ മൂന്നുമാസം മുമ്പ് സജ്ജമാക്കിയിരുന്നെങ്കിലും അതിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകി.

മാർച്ച് ഇരുപതോടെയാണ് സർട്ടിഫിക്കറ്റ് ലഭിച്ചത്. രണ്ട് സ്വകാര്യ ഏജൻസികളാണ് സോഫ്റ്റ് വേർ വികസിപ്പിച്ചത്. ഇതിൽ ഒരെണ്ണം ചില സാങ്കേതിക തകരാറുകൾ കാണിച്ചതും പുതുക്കൽ നടപടി വൈകാൻ കാരണമായി. ഏതാനും ദിവസങ്ങൾക്കകം ഇത് പരിഹരിക്കാനാകുമെന്നാണ് ചിയാക് അധികൃതർ കരുതുന്നത്.

തിരഞ്ഞെടുത്ത ആസ്പത്രികളിൽ 30,000 രൂപയുടെ സൗജന്യ ചികിത്സ ലഭിക്കുന്നതാണ് കേന്ദ്രസഹായത്തോടെ നടത്തുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി. 18 ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോൾ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഈ സാമ്പത്തിക വർഷത്തോടെ മൊത്തം 35 ലക്ഷം കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തും. വൃക്കരോഗം, ഹൃദ്രോഗം, കാൻസർ എന്നിവയുടെ ചികിത്സയ്ക്കായി മറ്റൊരു 70,000 രൂപയുടെ സൗജന്യം കൂടി നൽകുന്ന ചിസ് പ്ലസ് പദ്ധതി ഇതോടൊപ്പം സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്.

കുടുംബനാഥൻ മരിച്ചു പോയാൽ അതിന് പകരം മറ്റൊരാളെ ചേർക്കാനുള്ള അവസരം കാർഡ് പുതുക്കുമ്പോൾ നൽകും. ഇങ്ങനെ വന്നാൽ കാർഡ് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. ഏതെങ്കിലും അംഗങ്ങളുടെ ഫോട്ടോയെടുക്കാൻ വിട്ടുപോയാൽ അതും പുതുക്കൽ വേളയിൽ ഉൾപ്പെടുത്താം.

ഇങ്ങനെ പുതിയ ആളെ ചേർക്കാനായി ഫോട്ടോയെടുക്കാൻ എല്ലാവരും അക്ഷയ കേന്ദ്രങ്ങളിൽ എത്തണം. കാർഡ് നഷ്ടപ്പെട്ടു പോയവർക്ക് പുതിയ കാർഡ് എടുക്കാനും അവസരം ലഭിക്കും. ഇതിനും മാറ്റങ്ങളില്ലാതെ കാർഡ് പുതുക്കുന്നതിനും ഏതെങ്കിലും കുടുംബാംഗം മാത്രം എത്തിയാൽ മതിയാകും.

കബറടക്കം 10ന്; 9ന് പൊതുദർശനത്തിന് വെയ്ക്കും

കൊച്ചി: കാലംചെയ്ത സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ വർക്കി വിതയത്തിൽ പിതാവിന്റെ ശവസംസ്കാര കർമ്മങ്ങൾ ഏപ്രിൽ 10ന് ഉച്ചകഴിഞ്ഞ് 2.30ന് എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ ബസ്‌ലിക്കയിൽ ആരംഭിക്കും. ഏപ്രിൽ 10 വരെ ദുഃഖാചരണത്തിന്റെ ഭാഗമായി സീറോ മലബാർ സഭയിലെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രത്യേകം പ്രാർത്ഥനാ ശുശ്രൂഷകളും ദിവ്യബലി അർപ്പണവും ഒപ്പീസും നടത്തും. ദുഃഖസൂചകമായി കറുത്ത കൊടി ഉയർത്തുകയും ദേവാലയങ്ങളിൽ 3, 3 ക്രമത്തിൽ ഒരോ തവണയും അഞ്ച് പ്രാവശ്യം വീതം മണിയടിക്കുകയും ചെയ്യണമെന്ന് സീറോ മലബാർ സഭ അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ബോസ്കോ പുത്തൂർ നിർദ്ദേശിച്ചിട്ടുണ്ട്.

വന്ദ്യപിതാവിന്റെ പൂജ്യശരീരം ഏപ്രിൽ 9 രാവിലെ 8ന് അങ്കമാലി സെൻറ് ജോർജ് ബസ്‌ലിക്കയിൽ പൊതുദർശനത്തിനു വെയ്ക്കും. അവിടെ നിന്ന് 9 മണിക്ക് ശവമഞ്ചം കാക്കനാട് മൗണ്ട് സെൻറ് തോമസിലേക്ക് കൊണ്ടു പോകും. 10.30ന് അവിടെ വന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി സമൂഹബലി ഉണ്ടാകും. ശനിയാഴ്ച 4 മുതൽ ശവമഞ്ചം എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ ബസ്‌ലിക്കയിൽ പൊതുദർശനത്തിനു വെയ്ക്കും.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ആരംഭിക്കുന്ന ശവസംസ്കാര ശുശ്രൂഷകളിൽ ഭാരതീയ കത്തോലിക്ക മെത്രാൻ സംഘത്തിന്റെ അധ്യക്ഷൻ കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ്, സിസിബിഐ അധ്യക്ഷൻ കാർ